LIBRARY ARCHIVES Kerala Legislative Assembly

ബേക്കൽ ബീച്ച് പാർക്കിൽ ടൂറിസം എയ്ഡ് പോസ്റ്റ്

9 (8279) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ബീച്ച് പാർക്കിൽ ടൂറിസം എയ്ഡ് പോസ്റ്റ് പണി കഴിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പണി പൂർത്തിയാക്കി മൂന്നു വർഷം കഴിഞ്ഞിട്ടും ടൂറിസം എയ്ഡ് പോസ്റ്റ് പ്രവർത്തനക്ഷമമാക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത എയ്ഡ് പോസ്റ്റ് പ്രവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ബീച്ച് പാർക്കിൽ ആഭ്യന്തര വകുപ്പ് ഒരു എയ്ഡ് പോസ്റ്റ് പണി കഴിപ്പിച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത എയ്ഡ് പോസ്റ്റ് പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ 5 ടൂറിസം പോലീസുകാരെ ടൂറിസം എയ്ഡ് പോസ്റ്റിന്റെ പ്രവർത്തനത്തിനായി നിയമിച്ചിട്ടുണ്ട്.

ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി

10 (4270) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതികൾക്കായി എത്ര തുക വീതം മാറ്റി വച്ചിരുന്നുവെന്നും ആയതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ :

(ബി) ഈ സർക്കാർ ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാർ വന്നശേഷം ഓരോ വർഷവും ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വന്ന വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം എത്ര വീതമാണെന്നും ഇതു വഴി ഓരോ വർഷവും സംസ്ഥാന ഖജനാവിന് ലഭിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ തൃക്കടീരി ഗ്രാമ പഞ്ചായത്തിൽ സ്ഥിത ചെയ്യുന്ന അനങ്ങൻ മല ഇക്കോടൂറിസം പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ; ഇനി എത്ര തുക ചെലവഴിച്ചാൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) അനങ്ങൻ മല ഇക്കോടൂറിസം പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് വകുപ്പ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-12 :

അനുവദിച്ച തുക	- 2 കോടി
പദ്ധതികൾക്കായി ചെലവഴിച്ച തുക	- 1,91,46,000 രൂപ
കൺസൾട്ടൻസി പ്രൊപ്പോസൽ	- 2,04,000 രൂപ
വേൾഡ് വെറ്റ്ലാന്റ്ഡേ ആഘോഷം	- 50,000 രൂപ
ഓഫീസ് ചെലവുകൾ	- 6,00,000 രൂപ
ആകെ	- 2,00,00,000 രൂപ

2012-13 :

അനുവദിച്ച തുക	- 3 കോടി
പദ്ധതികൾക്കായി ചെലവഴിച്ച തുക	- 2,73,54,046 രൂപ
സെമിനാർ	- 1,00,000 രൂപ
സീറോ വേസ്റ്റ് തെന്മല	- 8,50,000 രൂപ
വർക്ക് ഷോപ്പ്	- 1,08,292 രൂപ
അഡ്വഞ്ചർ ടൂറിസം സി.ഇ.ഒ.തെരഞ്ഞെടുപ്പ്	- 1,58,880 രൂപ
മാർക്കറ്റിംഗ് ഓഫ് പൊന്മുടി ഇക്കോടൂറിസം	- 6,50,000 രൂപ
ഓഫീസ് ചെലവുകൾ (പരസ്യ ചെലവടക്കം)	- 7,78,782 രൂപ
ആകെ ചെലവ്	- 3,00,00,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2013-14

അനുവദിച്ച തുക	-	3,20,00,000 രൂപ
പദ്ധതികൾക്കായി ചെലവഴിച്ച ആകെ തുക	-	3,10,29,902 രൂപ
പരിശീലന പരിപാടി	-	27,000 രൂപ
ചിത്രശലഭങ്ങളെക്കുറിച്ചുള്ള പുസ്തകം	-	75,000 രൂപ (ആദ്യ ഗഡു)
മാർക്കറ്റിംഗ് ഓഫ് ഇക്കോ ടൂറിസം	-	8,51,609 രൂപ
ഓഫീസ് ചെലവുകൾ	-	16,489 രൂപ (ആദ്യ ഗഡു)
ആകെ ചെലവ്	-	3,20,00,000 രൂപ

(ബി) വിനോദസഞ്ചാര മേഖലയിലെ പുതിയൊരു സങ്കല്പമാണ് ഇക്കോടൂറിസം പരിസ്ഥിതിയുടെ സംസ്കാരവും ചരിത്രവും മനസ്സിലാക്കാനുള്ള സഞ്ചാരമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശീയർക്ക് പ്രയോജന പ്രദമായ രീതിയിൽ പ്രകൃതി സമ്പത്ത് സംരക്ഷിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുകയാണ് ഇക്കോടൂറിസത്തിന്റെ ശൈലി. ഇത്തരത്തിൽ കഴിഞ്ഞ കാലയളവിലെ പ്രധാന ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കിയത് ഇക്കോടൂറിസം കേന്ദ്രങ്ങളായ തെന്മല, കൊച്ചുപമ്പ (ഗവി), വെള്ളിക്കീൽ, അരിപ്പ, ചെല്ലാർകോവിൽ, കമ്പമല, പൊന്മുടി, എന്നിവിടങ്ങളിലാണ്. നിലവിലുള്ള ഇക്കോടൂറിസം പദ്ധതികളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ തുടർ സഹായങ്ങളും ഈ കാലഘട്ടത്തിൽ ലഭ്യമാക്കി. പൊന്മുടിയിലെ ഇക്കോടൂറിസവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ 100 ദിവസത്തിനകം പൂർത്തീകരിക്കാൻ കഴിഞ്ഞു. സാഹസിക വിനോദ സഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിന് 2011-12 കാലയളവിൽ തെന്മലയിലും, കോവളത്തും 2012-13 കാലയളവിൽ അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ വയനാട്ടിലെ പൊഴുതനയിലും ഇന്റർ നാഷണൽ മൗണ്ടൻസൈക്ലിംഗ് മത്സരം സംഘടിപ്പിക്കുവാൻ കഴിഞ്ഞു. ഇക്കോടൂറിസവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികളും ഈ കാലഘട്ടത്തിൽ നടത്തുകയുണ്ടായി.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പുതുക്കിയ അടങ്കൽ പ്രകാരം 1 കോടി 4 ലക്ഷം രൂപയാണ് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ചെലവ്. ഇതിൽ 44.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാൻ 59.13 ലക്ഷം രൂപയുടെ ചെലവ് കൂടി പ്രതീക്ഷിക്കുന്നു.

(ഇ) പദ്ധതി ഉടൻ തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതിക്ഷേമ പദ്ധതികൾ

11(2790) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നുവർഷമായി പട്ടികജാതി ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; ഇതുവരെ ചെലവഴിച്ച തുക എത്ര; ഓരോ പദ്ധതിയുടെയും സ്ഥിതി, പുരോഗതി എന്നിവ ജില്ലാടിസ്ഥാനത്തിൽ വിശദമായി വ്യക്തമാക്കാമോ ;

(ബി) പട്ടികജാതി ക്ഷേമത്തിനായി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികജാതി ക്ഷേമത്തിനായി പട്ടികജാതി വികസന വകുപ്പ് വഴി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഭവന നിർമ്മാണം, ഭൂമി വാങ്ങൽ, വീട് പുനരുദ്ധാരണം, വിവാഹ ധനസഹായം, ദുർബല വിഭാഗങ്ങളുടെ പുനരധിവാസം, സ്വയം പര്യാപ്ത ഗ്രാമം പദ്ധതി, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്ഥിര നിയമനം

12 (4238) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് സ്ഥിര നിയമനം നൽകി എന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly